**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2138** **03-03-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന ആരോഗ്യ സ്ഥാപനങ്ങളിൽ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടത്തി വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ? | (എ) | 26.07.2021 തീയതിയിലെ സ.ഉ (സാധാ)നം.1555/2021/ആകുവ പ്രകാരം കുണ്ടറ നിയോജക മണ്ഡലത്തിലെ സി.എച്ച്.സി നെടുമ്പനയെ ഐസോലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് 1,75,96,748/- രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പ്രസ്തുത നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നടത്തിയിട്ടുണ്ട്. വൈദ്യുതി കണക്ഷനും കെട്ടിട നമ്പറും ലഭ്യമാക്കി പ്രസ്തുത കെട്ടിടം പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>കുണ്ടറ നിയോജക മണ്ഡലത്തിലെ കുണ്ടറ താലൂക്കാശുപത്രിയിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 26.09.2018 തീയതിയിലെ സ.ഉ (സാധാ) നം.2964/2018/ആകുവ പ്രകാരം 76.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 98% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>കുണ്ടറ താലൂക്കാശുപത്രിയിൽ 2022-23 ലെ എം.എൽ.എ ഫണ്ട് ഉപയോഗിച്ചുകൊണ്ട് 75 ലക്ഷം രൂപ ചെലവിൽ 7 ഡയാലിസിസ് മെഷീനുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ചിട്ടുണ്ട്. 2024-25 ലെ എം.എൽ.എ ഫണ്ട് ഉപയോഗിച്ചുകൊണ്ട് ആർ.ഒ പ്ലാന്റ് സ്ഥാപിക്കുന്നതിന് 6,15,139/- രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>കുണ്ടറ നിയോജക മണ്ഡലത്തിലെ ആശുപത്രികൾക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി ബഹു.മുൻ എം.എൽ.എയുടെ ആസ്തി വികസന പദ്ധതി മുഖാന്തിരം അനുവദിച്ച 23.96ലക്ഷം രൂപാ ഉപയോഗിച്ച് ഉപകരണങ്ങൾ വാങ്ങുകയും ആയതിന്റെ വിതരണം നടന്നുവരികയുമാണ്. |

| | | | |
|---|---|---|---|
| | | | ബഹു. എം.പിയുടെ 2021-22ലെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് പേരയം പി.എച്ച്.സി യ്ക്കായി 11,90,559/- രൂപ ചെലവഴിച്ച് ആംബുലൻസ് വാങ്ങി നൽകിയിട്ടുണ്ട്.<br><br>കുണ്ടറ മണ്ഡലത്തിൽ നടപ്പിലാക്കിയ എൻ.എച്ച്.എം പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

എ)

| നമ്പർ | സ്ഥാപനത്തിന്റെ പേര് | തുക (ലക്ഷം രൂപ) | പ്രവൃത്തിയുടെപേര് | നിലവിലെസ്ഥിതി |
|---|---|---|---|---|
| 1 | PHC പേരയം | 18.58 | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണപ്രവൃത്തിപൂർത്തീകരിച്ചു |
| 2 | PHC പെരിനാട്, | 14 | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണപ്രവൃത്തിപൂർത്തീകരിച്ചു |
| 3 | PHC തൃക്കോവിൽവട്ടം | 22.16 | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | CHC നെടുമ്പന | 37.5 | സാമൂഹികാരോഗ്യകേന്ദ്രത്തെ ബ്ലോക്ക്തലകുടുംബാരോഗ്യകേന്ദ്രമാക്കിഉയർത്തൽ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | FWC കുണ്ടറ | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | 10% നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. 30.05.2025 ഓടു കൂടി പൂർത്തീകരിക്കാവുന്നതാണ്. |
| 6 | FWC കണ്ടച്ചിറ | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | FWC ചെമ്മക്കാട് | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | FWC പടപ്പക്കര | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | DPR തയ്യാറാക്കിവരുന്നു |
| 9 | പേരയം മെയിൻസെന്റർ | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | LSGD മുഖേനെ നടപ്പിലാക്കി വരുന്നു. |
| 10 | FWC കേരളപുരം | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | നിർമ്മാണ പ്രവർത്തി ഉടൻ ആരംഭിക്കും |
| 11 | FWC അമ്പിപോയിക | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു |
| 12 | FWC പെരുമ്പുഴ | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു |

| | | | | |
|---|---|---|---|---|
| 13 | ഇളമ്പള്ളൂർ മെയിൻസെന്റർ | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | DPR തയ്യാറാക്കിവരുന്നു |
| 14 | FWC കിഴവൂർ | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു |
| 15 | FWC മെക്കോൺ | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | LSGD മുഖേനെ നടപ്പിലാക്കി വരുന്നു. |
| 16 | FWC പുനുക്കന്നൂർ | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | LSGD മുഖേനെ നടപ്പിലാക്കി വരുന്നു. |
| 17 | FWC തട്ടാർക്കോണം | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. |
| 18 | FWC മുഖത്തല | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | LSGD മുഖേനെ നടപ്പിലാക്കി വരുന്നു. |
| 19 | FWC മീയണ്ണൂർ | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു. |
| 20 | FWC നെടുമ്പന | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | DPR തയ്യാറാക്കിവരുന്നു |
| 21 | FWC പള്ളിമൺ | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | DPR തയ്യാറാക്കിവരുന്നു |
| 22 | FWC പുലിയില | 7 | സബ് സെന്ററിനെ ഹെൽത്ത് & വെൽനസ്സ് സെന്റർ ആക്കി ഉയർത്തൽ | DPR തയ്യാറാക്കിവരുന്നു |

സെക്ഷൻ ഓഫീസർ.